(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണമാണ്.

(സി ആന്റ് ഡി) റിബേറ്റ് സംബന്ധിച്ച് ചില പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ ഹൈക്കോടതിയിൽ സമർപ്പിച്ച കേസുകളിൽ തീർപ്പുണ്ടാകുന്നതുവരെ റിബേറ്റ് അനുവദിക്കുന്നതിന് ഇപ്പോൾ അവലംബിക്കുന്ന മാനദണ്ഡങ്ങൾ തുടരുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല. എന്നാൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഈ കാര്യം പരിശോധിക്കുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഹാൻടെക്സ് നൽകാനുള്ള കുടിശ്ശിക

37 [491] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്ന് തുണികൾ സംഭരിച്ച വകയിൽ ഹാൻടെക്സ് സംഘങ്ങൾക്ക് എന്തു തുക നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ കുടിശ്ശിക ഏതു വർഷം മുതലുള്ളതാണെന്ന് വർഷം തിരിച്ച് കുടിശ്ശിക പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

(സി) ഈ തുക അടിയന്തിരമായി കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-3-2004-ലെ കണക്കനുസരിച്ച് 2090.74 ലക്ഷം രൂപ സംഘങ്ങൾക്ക് നൽകാനുണ്ട്.

(ബി) സംഘങ്ങളിൽ നിന്നുള്ള തുണി സംഭരണം അവയുടെ വില്പന അതനുസരിച്ച് അപ്പോഴപ്പോൾ നൽകുന്ന പേയ്മെന്റ് എന്നിവ തുടർച്ചയായി വർഷങ്ങളായി നടക്കുന്ന പ്രവർത്തനമായതിനാൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കാക്കൽ പ്രായോഗികമല്ല.

(സി) സംഭരിച്ച വസ്ത്രങ്ങൾ കഴിയുന്നത്ര വേഗം വിറ്റഴിച്ച് തുക ഉടനെ സംഘങ്ങൾക്ക് നൽകാൻ ഹാൻടെക്സിന് നിർദ്ദേശം നൽകുന്നതാണ്.

ഹാന്റ്ലൂം അഡ്വൈസറി കമ്മിറ്റി

38 [492] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റ്ലൂം അഡ്വൈസറി കമ്മിറ്റി 2003 നവംബറിൽ നിലവിൽ വന്നതിനു ശേഷം യോഗം വിളിച്ചു കൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏതു തീയതികളിലാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly